# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/GP4/967/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP4/967/2022 തീയ്യതി: 29/06/2022

## തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രതാപ് കുമാർ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീ.അനിൽകുമാർ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആര്യാകൃഷ്ണൻ.എ.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാധാകൃഷ്ണൻ നായർ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി എ വത്സലകുമാരി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.നന്ദകുമാർ | സെക്രട്ടറി | 01-04-2020 | 30-05-2020 |
| ശ്രീ.ബിന്ദുരാജ്.എം.എ | സെക്രട്ടറി | 31-05-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശിവകുമാർ.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 01-11-2020 |
| ശ്രീമതി അന്ന അലക്സ് | അസിസ്റ്റന്റ് സെക്രട്ടറി | 02-11-2020 | 31-03-2021 |
| ശ്രീമതി ശ്രീജ.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഗായത്രി.എൽ.കെ | മെഡിക്കൽ ഓഫീസർ (ടി എച്ച് ക്യൂ എച്ച്) | 01-04-2020 | 04-08-2020 |
| ഡോ.കാവേരി വർമ്മ | മെഡിക്കൽ ഓഫീസർ (ടി എച്ച് ക്യൂ എച്ച്) | 05-08-2020 | 09-12-2020 |
| ഡോ.ഷീജ.പി.കെ | മെഡിക്കൽ ഓഫീസർ (ടി എച്ച് ക്യൂ എച്ച്) | 10-12-2020 | 31-03-2021 |
| ഡോ.രമ്യ.ആർ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ലിയോറാണി.പി.എൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി ഷബാന | വി ഇ ഒ 1 | 01-04-2020 | 31-03-2021 |
| ശ്രീമതി രാധിക.എസ്.ആർ | വി ഇ ഒ 2 | 01-04-2020 | 31-03-2021 |
| ശ്രീ.കെ.മധുസൂദനൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി നിഷ.ജെ.എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 01-08-2020 |
| ശ്രീമതി വസുന്ദരദേവി | ഐ സി ഡി എസ് സൂപ്പർവൈസർ | 02-08-2020 | 31-03-2021 |
| ശ്രീ.അനിൽകുമാർ.ബി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഹെബ്സിബ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ.സജീവ് കുമാർ.എ.ആർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ.സേതുമാധവൻ.ആർ.എൽ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayalekshmi BK (Senior Grade Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Jayalekshmi BK (Senior Grade Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Prathap Kumar R (Audit Officer (HG), On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ.<br>Written By: Prathap Kumar R (Audit Officer (HG), On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന.<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 22-06-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: AnilKumar R (Senior Grade Auditor, On 06-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-8 |
| 9 | നിയമാനുസൃത നികുതികൾ കുറവ് ചെയ്യുന്നില്ല.<br>Written By: AnilKumar R (Senior Grade Auditor, On 06-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-8-1 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Prathap Kumar R (Audit Officer (HG), On 04-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 22-06-2022) | 1-9 |
| 11 | ലൈസൻസ്- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-10 |
| 12 | സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കമ്പ്യൂട്ടറൈസ് ചെയ്ത പട്ടിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-10-1 |
| 13 | റേഷൻ കടകളിൽ നിന്നും FTEAOS ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-10-2 |
| 14 | നിയമാനുസൃത മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-10-3 |
| 15 | അപേക്ഷകൾ പൂർണ്ണമല്ല.<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-10-4 |
| 16 | പെർമിറ്റ്- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-11 |
| 17 | പെർമിറ്റ്, നമ്പറിംഗ്-ഒറ്റ ഫയലായി ക്രമീകരിക്കുന്നില്ല.<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-11-1 |
| 18 | റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-11-2 |

| | | |
|---|---|---|
| 19 | വസ്തുനികുതി- അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-12 |
| 20 | ലേലം അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 07-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-13 |
| 21 | തെരുവ് വിളക്കുകളുടെ ഫിറ്റിംഗ് ചാർജ് നൽകൽ- പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Prathap Kumar R (Audit Officer (HG), On 02-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-14 |
| 22 | പൊതുടാപ്പുകളുടെ വെള്ളക്കരം - തുക ഒടുക്കിയതിൽ വ്യക്തതയില്ല.<br>Written By: Prathap Kumar R (Audit Officer (HG), On 02-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-15 |
| 23 | കോവിഡ് -19 പ്രതിരോധ / നിർവ്യാപന പ്രവർത്തനങ്ങൾ.<br>Written By: Prathap Kumar R (Audit Officer (HG), On 02-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-06-2022) | 1-16 |
| 24 | പഞ്ചായത്തിലെ താമസക്കാരിയല്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി 8000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: AnilKumar R (Senior Grade Auditor, On 06-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 22-06-2022) | 1-17 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: AnilKumar R (Senior Grade Auditor, On 06-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-06-2022) | 1-18 |
| 26 | വേലിക്കോട് പട്ടികജാതി സമ്പൂർണ കോളനി വികസനം -സർക്കാർ മാർഗരേഖയ്ക്കു വിരുദ്ധമായി തുക ചെലവഴിച്ചു-ചെലവ് തുകയായ 16,46,347/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Prathap Kumar R (Audit Officer (HG), On 08-06-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 1-19 |
| 27 | ന്യൂലൈഫ് കോളനി നവീകരണം- അപാകത പരിഹരിക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 01-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 22-06-2022) | 1-20 |
| 28 | ലൈഫ് ഭവന പദ്ധതി- പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-21 |
| 29 | തുടർ സാക്ഷരത- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-22 |
| 30 | വിവിധ വാങ്ങലുകൾ - അപാകതകൾ.<br>Written By: Jayalekshmi BK (Senior Grade Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-23 |
| 31 | മരാമത്ത് പ്രവൃത്തി പ്രോജക്ട് ഫയലുകളിൽ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: AnilKumar R (Senior Grade Auditor, On 06-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-24 |
| 32 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.<br>Written By: AnilKumar R (Senior Grade Auditor, On 06-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-25 |
| 33 | GST കോമ്പൻസേഷൻ ഇനത്തിൽ നല്കുന്ന തുക അടവാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: AnilKumar R (Senior Grade Auditor, On 06-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-26 |
| 34 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകത.<br>Written By: AnilKumar R (Senior Grade Auditor, On 06-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 22-06-2022) | 1-27 |
| 35 | സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും പൂർത്തീകരിക്കുന്നില്ല.<br>Written By: AnilKumar R (Senior Grade Auditor, On 06-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-28 |
| 36 | ബിറ്റുമെൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കിയില്ല. ചെലവ് തുകയായ 4,51,642/-രൂപയ്ക്കുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-29 |

| | | |
|---|---|---|
| | Written By: AnilKumar R (Senior Grade Auditor, On 06-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | |
| 37 | തെരുവ് വിളക്ക് പരിപാലനം- AMC നൽകിയതിലെ അപാകതകൾ.<br>Written By: Prathap Kumar R (Audit Officer (HG), On 02-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Jayalekshmi BK (Senior Grade Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്ക്<br>Written By: Jayalekshmi BK (Senior Grade Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 22-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 22-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21-ലെ ബജറ്റ് 27.03.2020-ലെ I(1) ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചു. മുൻബാക്കി 1,32,39,547/- രൂപയും, പ്രതീക്ഷിത വരുമാനം 40,54,21,400/-രൂപയും ആകെ ചെലവ് 41,06,66,698/-രൂപയും നീക്കിബാക്കി 79,94,249/-രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്. റിവൈസ്ഡ് ബജറ്റ് 08.02.2021-ലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റിൽ വകയിരുത്താതെയും, ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികമായും ചെലവഴിച്ചു.

ബജറ്റ് മാന്വൽ ഖണ്ഡിക 4-7 പ്രകാരം ഓരോ ഇനത്തിനും ബജറ്റിൽ വകയിരുത്തിയതിനനുസരിച്ച തുക മാത്രമാണ് ചെലവഴിക്കാൻ കഴിയുന്നത്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികമായും ചെലവു ചെയ്തിരിക്കുന്നു. പരിഷ്കരിച്ച ബജറ്റിലും തുക ഉൾപ്പെടുത്തിയിട്ടില്ല. ഏതാനും ചില ഉദാ. ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് കോഡ് (ബജറ്റ്) | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | 2020-21- ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരം |
|---|---|---|---|---|
| 1 | 21050011 | EPF Contribution | 136537 | 0 |
| 2 | 2522007 | Vehicles | 298200 | 200000 |
| 3 | 2531005 | Solid Waste Management Pgrm. Under TSC | 6193400 | 1092000 |

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (18) മറുപടി നൽകിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.07.2021 | 06.05.2021 |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ട അപാകതകൾ.

1) MGNREGS- Advance ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയ തുക രജിസ്റ്ററും (15,19,368/-), AFS-മായി (14,92,963/-) പൊരുത്തപ്പെടുന്നില്ല. കോവിഡ് ഡെഫേർഡ് സാലറി ഉൾപ്പെടെയുള്ള തുകയാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതെന്നാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നം. 1).

2) ബാലൻസ്ഷീറ്റ് പ്രകാരം Beneficiary Contribution ഇനത്തിൽ നീക്കിയിരിപ്പുള്ള 24,663/-രൂപ ഏത് വർഷം ഏത് പ്രോജക്ടിലേക്കായി പിരിച്ച ഗുണഭോക്തൃ വിഹിതമാണെന്ന് വ്യക്തതയില്ല.

കാലാകാലങ്ങളിൽ ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ ലഭിച്ച തുക ഓൺഫണ്ടിനത്തിൽ ചെലവഴിച്ചതിനാലാണ് തുക മിച്ചം നിൽക്കുന്നതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. തുകയുടെ കൃത്യത, വിശദാംശങ്ങൾ, ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചതിന്റെ കാരണം, ക്രമീകരണം എന്നിവ വ്യക്തമാക്കേണ്ടതാണ്.

3) B4-Schedule പ്രകാരം മുൻവർഷം നീക്കിയിരിപ്പുള്ള മറ്റ് ഏജൻസികളിൽ നിന്ന് ലഭിച്ച ഗ്രാന്റ് വിഹിതം തൻവർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 320100119 | Centrally Sponsored Scheme- WGDP | 87080/- |
| 2 | 320300103 | Total Sanitaion | 1565172/- |
| 3 | 320700104 | Contribution For Joint Venture Project- From Block Panchayat | 126173/- |
| 4 | 320700205 | Contribution For Joint Venture Project- From District Panchayat | 372534/- |

ഇതിൽ ക്രമ നം.1, 3 എന്നിവ പ്രകാരം തുക നിലനിൽക്കുന്നത് പരിശോധിച്ച് ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും, ക്രമ നം.2, 4 എന്നിവ ചെലവഴിച്ചിട്ടുണ്ടെന്നും വിശദീകരണം ലഭ്യമാക്കി.

4) ബാലൻസ് ഷീറ്റ് പ്രകാരം ക്രമീകരിക്കാതെ അവശേഷിക്കുന്ന അഡ്വാൻസുകൾ ക്രമീകരിക്കേണ്ടതുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| അഡ്വാൻസ് ഇനം | തുക | തുക ക്രമീകരിച്ചതിന്റെ വിവരം |
|---|---|---|
| Advance To Implementing Officers | 59912 | 2021-22 വർഷം ക്രമീകരിച്ചതായി അറിയിച്ചു. രേഖകൾ ലഭ്യമാക്കിയില്ല |
| Advance To Imple. Agen.- Deposit With KWA | 3180771 | യൂട്ടിലൈസേഷൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ചതായി അറിയിച്ചു. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| Advance To Imple. Agen.- Deposit With KSEB | 5844564 | യൂട്ടിലൈസേഷൻ ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്ന് വിശദീകരണം നൽകി. |
| Advance To Imple. Agen.- Deposit With PWD | 1275641 | |
| Other Advace | 43308 | സാക്ഷരത പ്രേരക്മാർക്ക് വേതനം നൽകിയ ഇനത്തിൽ സാക്ഷരതാ മിഷനിൽ നിന്നും ലഭിക്കേണ്ട തുക. തുക മടക്കി ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നാണ് വിശദീകരണം നൽകിയത്. |

നാളിതുവരെ ക്രമീകരിക്കാത്ത തുകകൾ അടിയന്തിരമായി ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5) കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 62(2) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അടിസ്ഥാന അനുപാതകങ്ങൾ [62(2) എഫ്] കൂടി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ആയതു ഉൾപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

6) കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58(4)എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

7) നിഷ്ക്രിയ അക്കൗണ്ട് വിശദാംശം

1. ക്ലോസ് ചെയ്തിട്ടുള്ള 8 അക്കൗണ്ടുകൾ RP-40(b)-യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അക്കൗണ്ടുകളുടെ വിവരങ്ങൾ ആധികാരികമായി ഉറപ്പുവരുത്തി വാർഷിക ധനകാര്യ പത്രികയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

2. ട്രാൻസാക്ഷൻ ഇല്ലാത്ത നാല് അക്കൗണ്ടുകൾ ഉണ്ട് (Disaster Management A/C IOB-4718, IOB-Saksharatha 2653, SBI-Plan Fund, Treasury Account -COVID).

തുക അക്കൗണ്ടിലുള്ളതിനാലും, സർക്കാരിൽ നിന്നും തുക ലഭിക്കാൻ സാധ്യതയുള്ളതിനാലുമാണ് അക്കൗണ്ട് ക്ലോസ് ചെയ്യാത്തതെന്നാണ് മറുപടി നൽകിയത്. തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

1. വിവിധ ഫണ്ടുകളുടെ വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു. ഇതിൽ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്- നോൺറോഡ് എന്നിവയുടെ നീക്കിയിരിപ്പ് എ.സി.ആർ പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | എ.സി.ആർ. പ്രകാരമുള്ള നീക്കിയിരിപ്പ്/ ലാപ്സാകുന്ന തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19293579 | 19293579 | 21577055 | -2283476 | 1269445 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 10084850 | 10084850 | 10120418 | -35568 | 228353 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 263000 | 263000 | 150000 | 113000 | 113000 |

| | | | | | | |
|---|---|---|---|---|---|---|
| Maintenance Fund (Non Road) | 0 | 6394661 | 6394661 | 6192053 | 202608 | 267947 |
| Maintenance Fund (Road) | 0 | 25463000 | 25463000 | 25461792 | 1208 | 1208 |
| Development Fund (CFC Untied) | 0 | 17685722 | 17685722 | 10900463 | 6785259 | 6785259 |
| Development Fund (CFC Tied) | 0 | 8900000 | 8900000 | 3994153 | 4905847 | 4905847 |

(*) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അവ പ്രത്യേകം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവുകൾ, സർക്കാർ ഉത്തരവുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

എ) വരവ്

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 19293579 | 27608272 |
| വികസനഫണ്ട്(എസ്.സി.പി) | 10084850 | 10312875 |
| മെയിന്റനൻസ് റോഡിതരം | 6394661 | 6460000 |

ബി) ചെലവ്

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക കണക്കുകൾ പ്രകാരം | സുലേഖ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 18024134 | 21577055 |
| വികസനഫണ്ട് (എസ്.സി.പി) | 9856497 | 10120418 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 6126714 | 6192053 |

ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്ന തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്താത്തതിനാലാണ് ഇപ്രകാരം വ്യത്യാസം വരുന്നതെന്നാണ് മറുപടി (ഓഡിറ്റ് എൻക്വയറി നം. 6) നൽകിയത്.

3. കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി, ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്-ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

സംയുക്ത പ്രോജക്ടുകൾക്ക് ചെലവ് ചെയ്യുന്നത് അതാത് സ്ഥാപനങ്ങൾ നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക നൽകിയതിനാലാണ് ഇപ്രകാരം അപാകത വന്നതെന്ന് മറുപടി നൽകി. കേന്ദ്രഫണ്ടും, സംസ്ഥാന വിഹിതവും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലാണ് ഇപ്പോഴും വരുന്നതെന്നതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

4. സർക്കാർ ഉത്തരവ് 79/2021/ധന പ്രകാരമുള്ള ക്യാരി ഓവർ, സ.ഉ(സാ.ധാ) നം.2247/2021/ധന പ്രകാരമുള്ള അധിക വിഹിതം എന്നിവ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ആവശ്യപ്പെട്ടതിന് മറുപടിയായി GO(Rt)No. 2904/2021/Fin Dated. 25.03.2021 പ്രകാരം 25,38,500/- രൂപ വി.ഫ(ജനറൽ) ഇനത്തിലും, 11,45,875/-രൂപ വി.ഫ(എസ്.സി.പി) ഇനത്തിലും, GO(Rt)No.3099/2021/fin Dated.29.03.2021 പ്രകാരം 35,869/-രൂപ വി.ഫ(എസ്.സി.പി) ഇനത്തിൽ അധിക വിഹിതമായി ലഭിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് കൃത്യതയോടെ തയ്യാറാക്കാൻ തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃവിഹിതം ഒഴികെ) | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് (ഗുണഭോക്തൃവിഹിതം ഒഴികെ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 337 | 154425124 | 288 | 100912577 | - | 49 | 85.45% |

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 214800 | 299 |
| കർഷകതൊഴിലാളി പെൻഷൻ | 7052200 | 2891 |
| വിധവ പെൻഷൻ | 24435600 | 9142 |
| വാർദ്ധക്യകാല പെൻഷൻ | 35386700 | 14768 |
| വികലാംഗപെൻഷൻ | 7140100 | 2797 |
| വിവാഹധനസഹായം | 30000 | 1 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 599200 | 220 |

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.03.2022 | 2021-2022 | 08.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.10.2018 മുതൽ 07.10.2018 വരെ | 2016-17 മുതൽ 2017-18 വരെ | 27.11.2018 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-05-2022-ാം തീയതി 2:30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,183/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 242 | 1890769* | 1891011 | 1888774 | 2237 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 62961226 | 62961226 | 62961226 | - |
| ആകെ | 242 | 64851995 | 64852237 | 64850000 | 2237 |

* വരവ് - ചെലവുകൾ ഇൻസെന്റീവ് 2,18,000/-രൂപ ഉൾപ്പെടെയാണ്.

### 1-8-1 നിയമാനുസൃത നികുതികൾ കുറവ് ചെയ്യുന്നില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ടെൻഡർ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/-രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ, പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. 21.03.2013 GO(P)3/2013/SPD 12.29 പ്രകാരവും നിയമപ്രകാരമുള്ള ഡിഡക്ഷനുകൾ നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ തുകകൾ ഈടാക്കിയിട്ടില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-27/22-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

## 1-9 ആഭ്യന്തര നിയന്ത്രണം

മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് കാലയളവിലെ രജിസ്റ്ററുകളുടേയും, റെക്കോർഡുകളുടേയും പരിപാലനം പൊതുവിൽ തൃപ്തികരമാണ്. എങ്കിലും ട്രേഡേഴ്സ് ലിസ്റ്റ്, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് ജോലിവിഭജനം രേഖാമൂലം നടത്തിയിട്ടുള്ളതായും, പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളും, വിവരാവകാശ അപേക്ഷകളും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നതായി കാണുന്നു. പദ്ധതികളുടെ നടത്തിപ്പ് മോണിറ്റർ ചെയ്യുന്നതിലും, റിപ്പോർട്ട് നൽകുന്നതിലും പദ്ധതി മോണിറ്ററിംഗ് സമിതികൾ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നതായി കാണുന്നില്ല. തനതു വരുമാന ശേഖരണം (നികുതികൾ, ലൈസൻസ് ഫീ മുതലായവ) കൂടുതൽ ശ്രദ്ധയൂന്നേണ്ട മേഖലയായി വിലയിരുത്തുന്നു. വാങ്ങൽ നടപടിക്രമങ്ങളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശ്രദ്ധയും മോണിറ്ററിംഗും ഉൾപ്പെടുത്തണം.

## 1-10 ലൈസൻസ്- അപാകങ്ങൾ

2020-2021 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-10-1 സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കമ്പ്യൂട്ടറൈസ് ചെയ്ത പട്ടിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസന പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായകമാകുന്നതാണ്. ഓരോ വർഷവും വാർഡ്തലത്തിൽ ഫീൽഡ്തല പരിശോധന നടത്തി വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-2021-ൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി തയ്യാറാക്കിയിട്ടില്ല. ലൈസൻസ് എടുക്കാവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.04/25.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-10-2 റേഷൻ കടകളിൽ നിന്നും FTEAOS ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019-ലെ (സി.എസ്).എ-9-764/19 ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും അടയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതിനാലും, കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിലെ സ്ഥലം ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലായെന്നതിനാലും റേഷൻ കടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളുടെ എണ്ണം, ആയതിൽ ലൈസൻസ് എടുക്കാത്തതിന്റെ എണ്ണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.04/25.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും FTEAOS ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഡിമാൻഡ് നോട്ടീസ് നൽകി, ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുവാൻ വേണ്ടി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അവശ്യംവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

### 1-10-3 നിയമാനുസൃത മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല.

1996- ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 18, 19, പട്ടിക 3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുസരിച്ച് മെഷീൻ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | കാർണിവൽ കാർ സ്പാ | 3 HP | 50/- | 0 | 50/- |
| 2 | ജി ജി സാമിൽ & വുഡ് ഇൻഡസ്ട്രീസ് | 37 HP | 400/- | 0 | 400/- |
| 3 | ഗ്രൈസ് ആട്ടോമൊബൈൽസ് | 2 HP | 50/- | 0 | 50/- |
| 4 | എസ് പി ഫ്ലവർമിൽ | 6 HP | 100/- | 0 | 100/- |

| | | | | | |
|---|---|---|---|---|---|
| 5 | ഇമ്മാനുവേൽ ടയേഴ്സ് | 3 HP | 50/- | 0 | 50/- |
| 6 | ഷൈൻ ഇൻഡസ്ട്രീസ് | 65 HP | 1000/- | 500/- | 500/- |
| 7 | രമ്യാ ഇൻഡസ്ട്രീസ് | 5 HP | 50/- | 0 | 50/- |
| 8 | വുഡ്പെക്ക് ഇൻഡസ്ട്രീസ് | 5 HP | 50/- | 0 | 50/- |
| 9 | പവിഴം കുക്ക് ഫുഡ് | 15 HP | 200/- | 100/- | 100/- |
| 10 | ഏഞ്ചൽസ് മോട്ടോഴ്സ് | 5 HP | 50/- | 0 | 50/- |
| 11 | വിധു എഞ്ചിനീയറിംഗ് വർക്ക്സ് | 9.5 HP | 100/- | 0 | 100/- |
| 12 | ശ്രീകൃഷ്ണ ഫ്ലവർമിൽ | 10 HP | 100/- | 0 | 100/- |
| 13 | വീബേക്ക്സ് | 11 HP | 200/- | 100/- | 100/- |
| 14 | എ എം ജെ സാമിൽ | 40 HP | 400/- | 50/- | 350/- |
| 15 | വിനായക ഫ്ലവർമിൽ | 12 HP | 200/- | 0 | 200/- |
| | | | | ആകെ | 2250/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.04/25.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-10-4 അപേക്ഷകൾ പൂർണ്ണമല്ല.

2017-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത്രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.04/25.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 പെർമിറ്റ്- അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ പെർമിറ്റുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-11-1 പെർമിറ്റ്, നമ്പറിംഗ്-ഒറ്റ ഫയലായി ക്രമീകരിക്കുന്നില്ല.

02.12.2015-ലെ സർക്കുലർ നം. 12900/ആർ/2015/തസ്വഭവ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയവ ഒറ്റ ഫയലായി ക്രമീകരിക്കേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമ്മിറ്റ് മുതൽ നികുതി നിർണ്ണയം വരെയുള്ള രേഖകൾ ഒരുമിച്ച് സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/30.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ പെർമ്മിറ്റ് മുതൽ നികുതി നിർണ്ണയം വരെയുള്ള രേഖകൾ ഒരുമിച്ച് സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-2 റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത്രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 95(4) പ്രകാരം ക്രമവത്ക്കരണ ഫീസ് പെർമിറ്റ് ഫീസിന്റെ ഇരട്ടി ആയിരിക്കണം. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ.

1. ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഫയൽ നം. | പേര് | പെർമിറ്റ് എടുത്ത ഏര്യ ($M^2$) | കംപ്ലീഷൻ ഏര്യ ($M^2$) | വ്യത്യാസം |
|---|---|---|---|---|---|
| 1 | A3-8745-20 | തുളസി റ്റി, ഹരിചന്ദനം, പുലരി നഗർ, ശാന്തുംമൂല | 95.57 | 103.07 | 7.5$m^2$ |
| 2 | A4-9046-20 | ഇന്ദിരകുമാരി, നെല്ലിവിള പുത്തൻവീട്, കുരുവിൻമുകൾ, മച്ചേൽ പി ഒ | 70 | 89 | 19$m^2$ |
| 3 | A3-9259-20 | രാജീവ് എ, സുരഭി, മൂഴിനട റോഡ്, മഞ്ചാടി | 197.76 | 199.34 | 1.58$m^2$ |
| 4 | A3-2423-20 | ആതിരകുമാരി, മഹേഷ് കുമാർ, ആരുഷി ഭവൻ, അന്തിയൂർക്കോണം | 71.51 | 78.27 | 6.76$m^2$ |
| 5 | A3-2507-20 | ജോൺകുഞ്ഞ്, ജെ കെ ഭവൻ, അണപ്പാട് | 72.36 | 80.19 | 7.83$m^2$ |
| 6 | A3-2546-20 | സുമേഷ് നായർ, സുമേഷ് ഭവൻ, ഒലിപ്പനട, നരുവാമൂട് പി ഒ | 147.61 | 185.85 | 38.24$m^2$ |

2. റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

| ഫയൽ നം. | പേര് | കംപ്ലീഷൻ ഏര്യ ($M^2$) | പെർമിറ്റ് എടുത്ത ഏര്യ ($M^2$) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| A3-2853/20 | നീമ സുകു എൻ എസ്, കുഴിവിള പുത്തൻവീട്, മണപ്പുറം | 200 | 139.45 | 848/- | 420/- | 428/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/30.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3. വില്ലേജ് ഓഫീസറുടെ ഫോം 1 അസെസ്മെന്റ് പ്രകാരം ദീപക് മോഹൻ, സുകൃതി, ശാസ്ത്രാ നഗർ, മച്ചേൽ പി.ഒ (സർവ്വേ നമ്പർ 24/2-6, 24/2-1-3) ) എന്ന വ്യക്തിയുടെ വീടിന്റെ പ്ലിന്ത് ഏര്യ 257.56 $M^2$ ആണ്. എന്നാൽ, സഞ്ചയ പ്രകാരമുള്ള ഏര്യ 205.01 $M^2$ ആണ്.

4. 18-ാം വാർഡിൽ സ്ഥിതിചെയ്യുന്ന വീട്ടുനമ്പർ 18/66-ൽ ശ്രീ.കെ.റിനദാസ് & ബ്ലസി യു പുഷ്പം, സ്നേഹതീരം, കാറക്കോണം, മച്ചേൽ പി.ഒ എന്നയാൾ റോഡിനോട് ചേർന്ന് കടമുറി നിർമ്മിച്ചിട്ടുണ്ട്. ആയത് 2019-ലെ കേരള പഞ്ചായത്ത്രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 26(4) ലംഘിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. മേൽ സാഹചര്യത്തിൽ 08.07.2020 തീയതിയിൽ എ36739/19 നമ്പർ കത്തായി വ്യക്തിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/30.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 വസ്തുനികുതി- അപാകതകൾ

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ വസ്തുനികുതി ഈടാക്കുന്നതിൽ ചുവടെ ചേർക്കും പ്രകാരം അപാകത കാണുന്നു.

1. സഞ്ചയയിൽ കുറഞ്ഞ നിരക്കിലുള്ള ഉപയോഗ ക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി കണക്കാക്കി - വരവ് നഷ്ടം.

100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50/-രൂപ നിരക്കിലും, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളവയ്ക്ക് 60/-രൂപ നിരക്കിലും വസ്തുനികുതി കണക്കാക്കാനാണ് ഭരണസമിതി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ 100ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യസ്ഥാപനങ്ങളെ തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയത് വഴി വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

ഉദാ. സഞ്ചയ സോഫ്റ്റ്‌വെയറിൽ 2, 19, 20 എന്നീ വാർഡുകളുടെ വിശദാംശം പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ '100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 50/-രൂപ നിരക്കിലാണ് അടിസ്ഥാന വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്.

| കെട്ടിട നം. | ഉടമസ്ഥൻ | ഉപയോഗക്രമം | തറ വിസ്തീർണ്ണം | 50/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന വസ്തു നികുതി | 60/- രൂപ നിരക്കിൽ ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|
| 19/157 | സുരേഷ് കുമാർ (കെ.കെ ബിൽഡിംഗ്) | ഷോപ്പുകൾ | രണ്ടാം നില (107.99 ച മീ ) | 5399.5 | 6479.4 | 1079.9 |
| 20/536 | ജോസ് മഹേഷ്/ജോസ് ജിജിത്ത് (റ്റി.ജി കോംപ്ലക്സ്, തച്ചോട്ടുകാവ്) | ഷോപ്പുകൾ | താഴത്തെ നില (150.29 ച മീ ) | 7514.5 | 9017.4 | 1502.9 |
| 20/536 | ജോസ് മഹേഷ്/ജോസ് ജിജിത്ത് (റ്റി.ജി കോംപ്ലക്സ്, തച്ചോട്ടുകാവ്) | ഷോപ്പുകൾ | ഒന്നാം നില (150.29 ച മീ ) | 7514.5 | 9017.4 | 1502.9 |
| 20/747 | ചിത്രലേഖ (ആലുംകുഴിയിൽ ബിൽഡിംഗ്, കരിപ്പൂർ) | ഷോപ്പുകൾ | താഴത്തെ നില (149 ച മീ ) | 7450 | 8940 | 1490 |
| 2/347 | ജയലക്ഷമി (ശ്രീഭദ്ര ബിൽഡിംഗ്, മലയിൻകീഴ്) | ഷോപ്പുകൾ | താഴത്തെ നില (102.2 ച മീ ) | 5110 | 6132 | 1022 |
| 2/347 | ജയലക്ഷ്മി (ശ്രീഭദ്ര ബിൽഡിംഗസ്, മലയിൻകീഴ്) | ഷോപ്പുകൾ | ഒന്നാം നില (102.2 ച മീ ) | 5110 | 6132 | 1022 |

നിരക്ക് ക്രമീകരിച്ച് വസ്തുനികുതി കുടിശ്ശിക ഈടാക്കാമെന്നാണ് മറുപടി നൽകിയത്(ഓഡിറ്റ് എൻക്വയറി നം. 17).

2. കൂടിയ നിരക്കിൽ വസ്തുനികുതി കണക്കാക്കിയിരിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം കൂടിയ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാർഡ് 6, 13 എന്നിവ പരിശോധിച്ചതിൽ കണ്ട അപാകത ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥൻ | തറ വിസ്തീർണ്ണം | ഉപയോഗക്രമം | ഉൾപ്പെടുത്തിയിരിക്കുന്ന ഉപയോഗക്രമം | അടിസ്ഥാന വസ്തുനികുതി കണക്കാക്കിയ നിരക്ക് | അടിസ്ഥാന വസ്തുനികുതി നിർണ്ണയിക്കാൻ കണക്കാക്കേണ്ടിയിരുന്ന നിരക്ക് |
|---|---|---|---|---|---|---|
| 13/243/A | കൃഷ്ണകുമാർ / സിന്ധു എസ്(സിന്ധു നിവാസ്, നടുക്കാട്) | താഴത്തെ നില (12.58 ച മീ ) | ഷോപ്പുകൾ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 | 50 (100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കുള്ള നിരക്ക്) |
| 6/451 | കെ ശ്രീകണ്ഠൻ നായർ (ലക്ഷ്മി പർവ്വം, അണപ്പാട്) | ഒന്നാം നില (67.35 ച മീ ) | ഷോപ്പിംഗ് മാൾ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 80 | 60 (200 ച.മീറ്റർ താഴെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്കുള്ള നിരക്ക്) |

നികുതി പുനർനിർണ്ണയം നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രമീകരിച്ച് ഈടാക്കിയ കൂടുതൽ തുക വരും വർഷങ്ങളിൽ ക്രമീകരിച്ച് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

3. അനധികൃത കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിരിക്കുന്നു.

U/A രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടില്ല. കൂടാതെ സഞ്ചയയിലുള്ള അനധികൃത കെട്ടിടങ്ങൾ U/A രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുമില്ല. ആദ്യ മൂന്ന് വാർഡുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസം കാണുന്നു.

| വാർഡ് നം. | രജിസ്റ്റർ പ്രകാരം അനധികൃത കെട്ടിടങ്ങൾ | സഞ്ചയ പ്രകാരമുള്ള അനധികൃത കെട്ടിടങ്ങൾ |
|---|---|---|
| I | 1 | 5 |
| II | 1 | - |
| III | 2 | 1 |

U/A രജിസ്റ്ററിൽ ഉൾപ്പെട്ട എല്ലാ കെട്ടിടങ്ങളേയും സഞ്ചയയിൽ ചേർത്ത് നികുതി ഈടാക്കുന്നതാണെന്ന മറുപടി നൽകി.

4. മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 10 മൊബൈൽ ടവറുകളാണുള്ളത്. ഇതിൽ കെട്ടിട നം. 2/479/A -യിലുള്ള Dishnet Wireless LTD-ന്റെ മൊബൈൽ ടവറിൽ നിന്ന് 2013 ആദ്യപകുതി മുതലുള്ള വസ്തുനികുതി കുടിശ്ശിക 70,880/-രൂപ ഈടാക്കാനവശേഷിക്കുന്നു.

കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5. ക്യാൻസൽ ചെയ്ത രസീത് പ്രകാരം വസ്തുനികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

Cancelled Receipt Report പ്രകാരം 120180100889/21.10.2020 നം. രസീത് Cancel ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത രസീത് പ്രകാരം ശ്രീ.സുരേഷ്.കെ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 10/22/B നം. കെട്ടിടത്തിന്റെ കെട്ടിട നികുതി 707/- രൂപ ലഭിച്ചതായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

അപാകത ഐ.കെ.എം-നെ അറിയിച്ച് ക്രമപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ക്രമ നം. 1, 2, 3 എന്നിവയിൽ കുറച്ച് വാർഡുകളിലെ അപാകത കാണുന്നത് ഉദാഹരണമായാണ് സൂചിപ്പിച്ചിട്ടുള്ളത്. മുഴുവൻ വാർഡുകളിലുമുള്ള അപാകത പരിശോധിച്ച് തിരുത്തൽ വരുത്തേണ്ടതുണ്ട്. വസ്തുനികുതി സംബന്ധിച്ച അപാകതകൾ പരിഹരിച്ച്

റിപ്പോർട്ട് നൽകേണ്ടതാണ്.

## 1-13 ലേലം അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ ലേലവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അന്തിയൂർക്കോണം വാർഡിൽ കല്ലുവരമ്പ്-കണ്ണൻകോട് തോടിന്റെ ബണ്ടിൽ ഭിത്തി നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ആഞ്ഞിലി മരം മുറിച്ച് മാറ്റി ലേലം ചെയ്യുന്നതിന് അനുമതിയ്ക്കായി റേഞ്ച് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി-യ്ക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും, അനുമതി ലഭ്യമായതിനെ തുടർന്ന് 31.10.2020 തീയതിയിലെ 12/1 നമ്പർ തീരുമാനം പ്രകാരം ആഞ്ഞിലി മരം മുറിച്ച് ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. എന്നാൽ, തൻവർഷം പഞ്ചായത്തിന് ലേലം ഇനത്തിൽ വരവില്ല. മേൽ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.05/25.05.2022 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ഫിഷറീസ് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 347 പ്രകാരം ശ്രീ.മനോജ് ലാൽ, സുകുമാര സദനം, മണപ്പുറം, മലയിൻകീഴ് പി.ഒ എന്ന വ്യക്തിയ്ക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഇളമൺമാം കുളം മത്സ്യകൃഷി നടത്തുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്തിന്റെ ലേല രജിസ്റ്ററിൽ മേൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 05/25.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 തെരുവ് വിളക്കുകളുടെ ഫിറ്റിംഗ് ചാർജ് നൽകൽ- പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ.

പ്രോജക്ട് നം. - 240/21 (തെരുവ് വിളക്കുകളുടെ ഫിറ്റിംഗ് ചാർജ്)

അടങ്കൽ - 93641/- (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് - 52800/-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ടി പ്രോജക്ട് പ്രകാരം 160 ഡബിൾ ട്യൂബ്സെറ്റ് ഇൻസ്റ്റാൾ ചെയ്ത വകയിൽ 02.07.2020-ൽ 52,800/-രൂപ KAICO-യ്ക്ക് നൽകിയതായി കാണുന്നു. ടി പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഇൻസ്റ്റാൾ ചെയ്ത ട്യൂബ് ലൈറ്റുകൾ വാങ്ങിയതിന്റേയും വിതരണം ചെയ്തതിന്റേയും വിവരങ്ങൾ ലഭ്യമല്ല

2. ഏതൊക്കെ സ്ഥലങ്ങളിലാണ് ഇവ ഇൻസ്റ്റാൾ ചെയ്തതെന്ന് കരാർ എടുത്ത ഏജൻസി റിപ്പോർട്ട് ചെയ്തിട്ടില്ല.

3. ഇക്കാര്യത്തിൽ KSEB ഉദ്യോഗസ്ഥരുടെ റിപ്പോർട്ടോ, സാക്ഷ്യപത്രമോ, ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമോ ലഭിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 10-നുള്ള മറുപടിയിൽ 2019-20 വാർഷിക പദ്ധതിയിലാണ് വാങ്ങൽ നടപടി നടന്നിട്ടുള്ളതെന്നും വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കി. എന്നാൽ പ്രസ്തുത വാങ്ങൽ വിശദാംശങ്ങളോ സ്റ്റോക്ക് രജിസ്റ്ററോ ഹാജരാക്കിയിട്ടില്ല. ഇൻസ്റ്റാൾ ചെയ്തത് സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ ലിസ്റ്റ് ഹാജരാക്കിയില്ല.

സ്റ്റോക്ക് രജിസ്റ്റർ, റിപ്പോർട്ടുകൾ, സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-15 പൊതുടാപ്പുകളുടെ വെള്ളക്കരം - തുക ഒടുക്കിയതിൽ വ്യക്തതയില്ല.

പ്രോജക്ട് നം. - 14/21 (പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്ക്)

അടങ്കൽ - 3,50,000/-

ചെലവ് - 2,73,000/-

ഫണ്ട് – മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് പ്രകാരം പ്രതിമാസ വെള്ളക്കരം ഇനത്തിൽ 91,000/-രൂപ വച്ച് 2020-21 ലെ ആദ്യ മൂന്നുമാസത്തെ തുക മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവിട്ടതായി കാണുന്നു. എന്നാൽ ടി തുകയ്ക്ക് KWA കൈപ്പറ്റ് രസീത് നൽകുകയോ, ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ വകയിരുത്തുകയോ ചെയ്തതായി കാണുന്നില്ല. ഓരോമാസവും അടയ്ക്കുന്ന തുക കണക്കിലെടുക്കാതെ, ആയത് കൂടി കുടിശ്ശികയിലുൾപ്പെടുത്തിയാണ് വാട്ടർ അതോറിറ്റി തുടർന്നുള്ള ബില്ലുകൾ നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് 05.05.2020-ൽ സെക്രട്ടറി KWA-യ്ക്ക് പരാതി നൽകിയതായി കാണുന്നു. ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം, തനത്ഫണ്ടിൽ നിന്ന് ഉൾപ്പെടെ 2020-21 വർഷത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഒടുക്കിയ തുകയുടെ വിശദാംശം, പൊതുടാപ്പുകളുടെ എണ്ണം (208 പൊതുടാപ്പുകൾ ഗ്രാമപഞ്ചായത്തിൽ ഉള്ളതായി KWA ബില്ലുകളിൽ കാണുന്നു) സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 കോവിഡ് -19 പ്രതിരോധ / നിർവ്യാപന പ്രവർത്തനങ്ങൾ.

കോവിഡ് -19 ന്റെ പാശ്ചാത്തലത്തിൽ 40 അംഗങ്ങളുള്ള Emergency Response Team രൂപീകരിച്ചിട്ടുണ്ട്. Covid-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ഇതിലേയ്ക്കായി ട്രഷറി അക്കൗണ്ട് ഉള്ളതായി കാണുന്നു. പ്രസ്തുത അക്കൗണ്ടിൽ വർഷാന്ത്യത്തിൽ നീക്കിയിരിപ്പില്ല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി താലൂക്ക് ഓഫീസിൽ നിന്നും, ഡൊണേഷൻ മുഖേനയും 1,58,487/-രൂപ

ലഭിച്ചിട്ടുണ്ടെന്നും, ഗ്രാമപഞ്ചായത്തിൽ രണ്ട് കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തിച്ചിട്ടുണ്ടെന്നും ഇതിലേക്കായി പ്രത്യേകം തുക അനുവദിച്ചിട്ടില്ലായെന്നും അറിയിക്കുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ച് കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല. വിവിധ സ്ഥാപനങ്ങളിൽ നിന്നും ഡൊണേഷനായി ലഭിച്ച സാധനങ്ങളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ മലയിൻകീഴ് മാധവകവി കോളേജ് ഡി.സി.സി-ആയി പ്രവർത്തിച്ചുവന്നത് ബഹു.കളക്ടറുടെ നിർദ്ദേശപ്രകാരം നേമം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ CFLTC ആയി മാറ്റുകയുണ്ടായി. ഡി.സി.സി-യിലേക്കായി വാങ്ങിയ സാധനങ്ങൾ ഉൾപ്പെടെയാണ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതെന്ന് അറിയിച്ചു. എന്നാൽ സാധനങ്ങളുടെ ലിസ്റ്റോ, ബ്ലോക്കിന് കൈമാറിയതിന്റെ കൈപ്പറ്റ് വിവരമോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മാധവകവി കോളേജ് ഡി.സി.സി ബ്ലോക്ക്പഞ്ചായത്തിന് കൈമാറിയ ശേഷം മലയിൻകീഴ് ITI-യിൽ ഡി.സി.സി. പ്രവർത്തനം ആരംഭിക്കുകയും നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ ഉപയോഗിച്ചുകൊണ്ടിരുന്ന കട്ടിൽ തുടങ്ങിയ സാധനങ്ങൾ ITI കെട്ടിടത്തിലെ ഒഴിഞ്ഞമുറിയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി നൽകി. എന്നാൽ ആയതിന്റെ ലിസ്റ്റ്, ഇതിലേയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

## 1-17 പഞ്ചായത്തിലെ താമസക്കാരിയല്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി 8000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ (വനിത) |
| പ്രോജക്ട് നം | 34/21 |
| അടങ്കൽ തുക | 12,80,000/- |
| ചെലവ് തുക | 10,48,000/- |
| ഫണ്ടിനം | വികസന ഫണ്ട് – 5,28,000/-,<br>ഗുണഭോക്തൃവിഹിതം – 5,20,000/- |
| ബിൽനം/തീയതി | 09/20 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

പ്രസ്തുത പദ്ധതിയിലെ 09/20-21 തീ-13.10.2020 ബിൽ പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താവായ ശ്രീമതി.ഓമന എന്ന വ്യക്തിയുടെ റേഷൻകാർഡ്, ആധാർകാർഡ് എന്നിവ പ്രകാരം ഗുണഭോക്താവ് തിരുവനന്തപുരം കോർപ്പറേഷനിലെ, 40-ാം വാർഡിലെ 1441 വീട്ടുനമ്പർ പ്രകാരമുള്ള താമസക്കാരിയാണ്. ടിയാരിയ്ക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-3/2022-ന് ടിയാരി പഞ്ചായത്തിലെ താമസക്കാരിയായതിനാലാണ് ആനുകൂല്യം നൽകിയതെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താവ് മലയിൻകീഴ് പഞ്ചായത്തിലെ താമസക്കാരിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതുവരെ സബ്സിഡി തുകയിനത്തിൽ നൽകിയ 8000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി തൻവർഷം പഞ്ചായത്ത് വിഹിതമായി 2,00,000/- രൂപ മൃഗസംരക്ഷണവകുപ്പിന് കൈമാറിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം, ഓഡിറ്റ് എൻക്വയറിയുടെ (03/122, തീ-25.05.2022) മറുപടി എന്നിവ അനുസരിച്ച് മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ നൽകിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി ആരംഭിച്ച വർഷം | കൈമാറിയ തുക, | പദ്ധതി കാലയളവിൽ സ്കീമിൽ നിന്നും പുറത്തായ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവഴിക്കാതെ വകുപ്പിന്റെ കൈവശം അവശേഷിക്കുന്ന തുക | പദ്ധതി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|
| 2018-19 | 500000 | 0 | 456369 | 43631 | 05.08.2020 |
| 2019-20 | 250000 | 0 | 226123 | 23877 | 08.07.2021 |

ആയതിനാൽ മേൽപറഞ്ഞ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിക്കാതെ ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കൽ സൂക്ഷിച്ചിരിക്കുന്ന പഞ്ചായത്ത് ഫണ്ടിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 വേലിക്കോട് പട്ടികജാതി സമ്പൂർണ കോളനി വികസനം -സർക്കാർ മാർഗരേഖയ്ക്ക് വിരുദ്ധമായി തുക

ചെലവഴിച്ച-ചെലവ് തുകയായ 16,46,347/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വേലിക്കോട് പട്ടികജാതി സമ്പൂർണ്ണ കോളനി വികസനം (സ്പിൽ ഓവർ) |
| പ്രോജക്ട് നം | 244/21 |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |
| അടങ്കൽ തുക | 16,50,000/- |
| ചെലവ് തുക | 16,46,347/- |
| ബിൽ നം/ തീയതി | 16/20-21 447268/- 11.04.20, 105/20-21 1199079/- 07.01.2 |

2019-20 വർഷത്തിൽ ഡി.പി.സി അംഗീകാരം ലഭിച്ചതും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയതുമായ ടി പ്രോജക്ട് പ്രകാരം വേലിക്കോട് പട്ടികജാതി കോളനിയിലെ 8 പട്ടികജാതി ഭവനങ്ങളിൽ പ്ലാസ്റ്ററിംഗ്, ടൈൽ പാകൽ, മറ്റ് അറ്റകുറ്റപണികൾ 16,50,000/-രൂപ അടങ്കൽ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ക്വട്ടേഷൻ വ്യവസ്ഥയിൽ വിൽസൻ എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. തൻവർഷം പൂർത്തിയായ ടി പദ്ധതിയിൽ 16,46,347/- രൂപ കരാറുകാരന് നൽകി. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പഞ്ചായത്തിന്റെ ഉടമസ്ഥാവകാശം ഇല്ലാത്തതും സ്വകാര്യ വാസഗൃഹങ്ങളിൽ അറ്റകുറ്റപണികൾ പഞ്ചായത്ത് ഏറ്റെടുത്ത് സ്വന്തം കരാറുകാരനെ കൊണ്ട് നടത്തിയത് ക്രമവിരുദ്ധമാണ്. ടി വീടുകൾ പഞ്ചായത്തോ, സർക്കാരോ, നിർമ്മിച്ച് നൽകിയത് എന്നിവ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം-26/22-ന് മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസറുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ ടി വീടുകൾ പഞ്ചായത്തോ, സർക്കാരോ, നിർമ്മിച്ച് നൽകിയതല്ലായെന്ന് ബോധ്യപ്പെട്ടു. 13-ാം പഞ്ചവൽസര പദ്ധതി സംബന്ധിച്ച മാർഗരേഖ പ്രകാരം സമ്പൂർണ്ണ കോളനി വികസനം എന്ന പരിപാടിയിൽ കുടിവെള്ളം, വീട് നിർമ്മാണം എന്നിവ പഞ്ചായത്തിന് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണെങ്കിലും ഭവന പുനരുദ്ധാരണം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കേണ്ടതും പഞ്ചായത്ത് ഗ്രാമസഭ വഴി തെരഞ്ഞെടുക്കുന്ന അർഹരായ ഗുണഭോക്താക്കൾ സ്വന്തം ഭവനത്തിൽ നടത്തുന്ന അറ്റകുറ്റപണികൾ അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക നൽകുന്ന രീതിയാണ് അനുവർത്തിച്ച് വരുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി തുക നൽകിയത് സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

2. 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ വി.ഇ.ഒ നിർവ്വണോദ്യോഗസ്ഥനായി പട്ടികജാതി വീട് മെയിന്റനൻസ്, ന്യൂലൈഫ് എന്നിങ്ങനെ പട്ടികജാതി വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ടി പദ്ധതികളിൽ ഉൾപ്പെടുത്താതെ 8 ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ അറ്റകുറ്റപണികൾ നിർവ്വഹിക്കുന്ന രീതിയിൽ പദ്ധതി തയ്യാറാക്കുന്നതിനുള്ള സാഹചര്യം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം-26/22-ന് മറുപടി ലഭ്യമാക്കിയില്ല.

3. 1,65,000/- അടങ്കലുള്ള പ്രസ്തുത പ്രോജക്ട് ടെണ്ടർ നടപടി കൂടാതെ ക്വട്ടേഷൻ വ്യവസ്ഥയിൽ കരാർ നൽകാനുണ്ടായ സാഹചര്യം, കമ്മിറ്റി തീരുമാനം എന്നിവ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം-21/22-ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രസ്താവിച്ച ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 16,46,347/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-20 ന്യൂലൈഫ് കോളനി നവീകരണം- അപാകത പരിഹരിക്കേണ്ടതാണ്.

ന്യൂലൈഫ് കോളനി നവീകരണത്തിനായി VEO -I നിർവ്വഹണോദ്യോഗസ്ഥയായി മൂന്ന് പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് വിശദാംശം | തൻവർഷം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ |
|---|---|
| പ്രോജക്ട് നം. - 338/21 (ന്യൂലൈഫ് പാർപ്പിട പദ്ധതി- എസ്.സി.പി- സ്പിൽഓവർ)<br>അടങ്കൽ - 15,50,000/-<br>(വി.ഫ(എസ്.സി.പി)- 2,90,000/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 3,25,000/-,<br>ജില്ലാപഞ്ചായത്ത് വിഹിതം-3,05,000/-)<br>ചെലവ് - 9,20,000/- | 11 |
| പ്രോജക്ട് നം. - 337/21 (ന്യൂലൈഫ് പാർപ്പിട പദ്ധതി)<br>അടങ്കൽ - 5,00,000/- (തനത് ഫണ്ട്- 2,00,000/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 1,00,000/-,<br>ജില്ലാപഞ്ചായത്ത് വിഹിതം-1,50,000/-)<br>ചെലവ് - 4,50,000/- | 5 |
| പ്രോജക്ട് നം.- 208/21 (ന്യൂലൈഫ് പാർപ്പിട പദ്ധതി- എസ്.സി.പി)<br>അടങ്കൽ - 38,00,000/-<br>(വി.ഫ(എസ്.സി.പി)- 15,00,000/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 4,75,000/-)<br>ചെലവ് - 19,75,000/- | 18 |

മേൽ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു .

എ) പ്രസ്തുത പ്രോജക്ടുകളിലൊന്നും ഫോട്ടോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി പുരോഗതി വിലയിരുത്താൻ സാധിച്ചിട്ടില്ല.

ബി) എസ്റ്റിമേറ്റ് വയ്ക്കാത്ത ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുണ്ട് (ഉദാ. പ്രോജക്ട് നം.338/21-ലെ ഗുണഭോക്താക്കളായ ശ്രീ.രാജേഷ്, ശ്രീ.ഗണപതി, പ്രോജക്ട് നം. 337/21- ലെ ഗുണഭോക്താവായ ശ്രീ.വിശ്വംഭരൻ.റ്റി എന്നിവർക്ക് എസ്റ്റിമേറ്റില്ലാതെയാണ് തുക നൽകിയിട്ടുള്ളത്).

സി)പ്രോജക്ട് നം.339/21 പ്രകാരം ധനസഹായം കൈപ്പറ്റിയ ശ്രീ.സുരേന്ദ്രൻ എന്ന ഗുണഭോക്താവ് ഹാജരാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ ചെലവ്-91,932.61/- രൂപയാണ്. എന്നാൽ വാല്യുവേഷൻ 1,25,000/- ആയി തിരുത്തി തുക അനുവദിച്ചിരിക്കുന്നു.

ഡി) പ്രോജക്ട് നം.208/21 ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ.

1. പ്രോജക്ട് പ്രകാരം 1,50,000/-രൂപ ധനസഹായം നൽകാനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ ചില ഗുണഭോക്താക്കൾക്ക് 2,00,000/- രൂപ നിരക്കിലും ധനസഹായം നൽകിയിട്ടുണ്ട്.

2. പ്രോജക്ട് പ്രകാരം ധനസഹായം നൽകിയ ശ്രീ.സുധി.എസ്, കൈതക്കോണം എന്ന ഗുണഭോക്താവ് മൈനറാണ്. പ്രോജക്ട് നിർവ്വഹണം നടന്ന 2020-ൽ ടിയാന് 17 വയസ് പ്രായം മാത്രമാണുള്ളത്(റേഷൻ കാർഡ് പ്രകാരം).

3. മേൽ പ്രോജക്ട് പ്രകാരം കരാർ വച്ച 18 ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ലായെന്ന് ഫയലും അനുബന്ധ രജിസ്റ്ററും പരിശോധിച്ചതിൽ കാണുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ ഫയലിൽ ഇല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ തുക | തുക നൽകിയ ഗഡുക്കൾ |
|---|---|---|---|
| 1 | ശ്രീമതി സുനന്ദ.വി.എം | 100000 | 1 |
| 2 | ശ്രീമതി ഓമന | 100000 | 1 |
| 3 | ശ്രീമതി സുശീല | 150000 | 2 |
| 4 | ശ്രീമതി ഷീജ.ആർ | 150000 | 2 |
| 5 | ശ്രീമതി.രമണി.ജെ | 150000 | 2 |
| 6 | ശ്രീ.സജൻലാൽ | 75000 | 1 |
| 7 | ശ്രീ.ബിജുലാൽ | 75000 | 1 |
| 8 | ശ്രീ.കൃഷ്ണൻ | 75000 | 1 |
| 9 | ശ്രീ.ജയ.എസ് | 75000 | 1 |

4. ഫയൽ പ്രകാരം വാല്യുവേഷൻ ഉള്ള ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിവരം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നുള്ള വിവരം ഉൾപ്പെടുത്താത്തതിനാൽ എത്ര തുക അനുവദിച്ചുവെന്നതിന് വ്യക്തതയില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | രജിസ്റ്ററിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം കൈപ്പറ്റിയ തുക | വാല്യുവേഷൻ പ്രകാരം ചെയ്ത വർക്ക് |
|---|---|---|---|
| 1 | ശ്രീമതി ഗിരിജ | 150000 | 200000 |
| 2 | ശ്രീമതി രമണി.പി | 100000 | 200000 |
| 3 | ശ്രീ.സതീഷ് കുമാർ | 50000 | 120000 |
| 4 | ശ്രീമതി സിന്ധു.വി | 100000 | 170000 |
| 5 | ശ്രീ.സുധി.എസ് | 50000 | 150000 |
| 6 | ശ്രീ.ഷാജികുമാർ.റ്റി | 50000 | 175000 |
| 7 | ശ്രീ.രാജേന്ദ്രൻ | 150000 | 200000 |

മേൽ അപാകത സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടതിന് (നം.16) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് അടിയന്തിരമായി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി- പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വി.ഇ.ഒ-II നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം കരാർ വച്ചതിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| | കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം (2020-21 സാമ്പത്തിക വർഷം വരെ) | പണി പൂർത്തീകരിച്ചവരുടെ എണ്ണം | പണി പൂർത്തീകരിക്കാത്തവരുടെ എണ്ണം | പണി പൂർത്തീകരിക്കാത്തവരുടെ വിവരം (ഓഡിറ്റ് എൻക്വയറി നം. 14 ന് ലഭ്യമാക്കിയ മറുപടി പ്രകാരം) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പ്രോജക്ട് നം. 163/2021 ലൈഫ്(ജനറൽ) | 123 | 122 | 1 | ശ്രീമതി ഉഷാകുമാരി 300000/- രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. (ആദ്യഗഡു കൈപ്പറ്റിയത് 04.07.2019 നാണ്) |
| പ്രോജക്ട് നം.335/2021 ലൈഫ്(എസ്.സി) | 13 | 13 | 0 | |
| പ്രോജക്ട് നം.395/2021 ലൈഫ് (എസ്.സി, എസ്.റ്റി, ഫിഷറീസ്) | 13 | - | 13 | 2021 സാമ്പത്തികവർഷമാണ് ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടത്. ആദ്യഗഡു 2021 ഫെബ്രുവരിയിലാണ് അനുവദിച്ചത്. |

ലൈഫ്(ജനറൽ) ഗുണഭോക്താവായ ശ്രീമതി.ഉഷാകുമാരിക്ക് അടിയന്തിരമായി ഭവനനിർമ്മാണം പൂർത്തിയാക്കാൻ നിർദ്ദേശം നൽകേണ്ടതും അല്ലാത്തപക്ഷം പലിശയുൾപ്പെടെ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. പണി പൂർത്തീകരിക്കാത്ത മറ്റ് ഗുണഭോക്താക്കളെക്കൊണ്ട് സമയബന്ധിതമായി പണിപൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-22 തുടർ സാക്ഷരത- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. - 168/21 (തുടർസാക്ഷരത)

അടങ്കൽ - 1,25,000/- (തനത് ഫണ്ട്)

ചെലവ് - 1,24,450/- (ചെക്ക് നം.1289799/27.03.2021)

നിർവ്വഹണം – ഹെഡ്മാസ്റ്റർ

പ്രോജക്ട് പ്രകാരം 1,24,450/-രൂപ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. കോഴ്സ് വിശദാംശം ചുവടെ ചേർക്കുന്നു.

| കോഴ്സ് | സാക്ഷരതാ മിഷനിൽ ഒടുക്കിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| പത്താംതരം തുല്യത | 12950/- | 7 |
| 12-ാം തരം തുല്യത | 27500/- | 11 |
| ഗുഡ് ഇംഗ്ലീഷ് | 84000/- | 42 |

എന്നാൽ പഠിതാക്കളുടെ അപേക്ഷ, ഗുണഭോക്തൃലിസ്റ്റ്, കോഴ്സിന് രജിസ്റ്റർ ചെയ്തതിന്റെ വിവരം, പഠിതാക്കളുടെ ഹാജർ, പരീക്ഷ ഹാൾടിക്കറ്റ്, പരീക്ഷ പാസ്സായതിന്റെ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പത്താംതരം, +2 തുല്യത പഠിതാക്കളുടെ ക്ലാസ് ആരംഭിച്ചിട്ട് രണ്ടുമാസമേ ആയിട്ടുള്ളുവെന്നും, പരീക്ഷ നടക്കുന്ന മുറയ്ക്ക് ഹാൾ ടിക്കറ്റിന്റേയും, റിസൾട്ടിന്റേയും കോപ്പി ഹാജരാക്കാമെന്നും, ഗുഡ് ഇംഗ്ലീഷ്-ന്റെ ഒരു ബാച്ച് കുട്ടികൾ മാത്രമേ പഠനം പൂർത്തിയാക്കി പരീക്ഷ എഴുതിയിട്ടുള്ളുവെന്നും, അവരുടെ ഹാൾ ടിക്കറ്റിന്റെ കോപ്പി ഓഡിറ്റ് അവസാനിക്കുന്നതിന് മുൻപ് ലഭ്യമാക്കാമെന്നും മറുപടി നൽകിയെങ്കിലും (നം.13) രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപേക്ഷയുൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 വിവിധ വാങ്ങലുകൾ - അപാകതകൾ.

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് .

പ്രോജക്ട് നം. - 213/21 (പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്)

അടങ്കൽ - 4,80,000/- (വി.ഫ - എസ്.സി.പി)

ചെലവ് - 4,78,805/- (ബിൽ നം. 8/27.03.2021- 3,94,310/-, 9/27.03.2021- 84,495/-)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ട് പ്രകാരം KELTRON-ൽ നിന്നും 17 ACER ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. KELTRON നൽകിയ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 17 ലാപ്ടോപ്പുകളുടെ വിലയായി Kerala State IT Mission-ന് 4,78,805/- രൂപ നൽകിയിരിക്കുന്നു. എന്നാൽ ഇ-വേ ബിൽ പ്രകാരം 17 ലാപ്ടോപ്പുകളുടെ വില 4,60,857/-രൂപയാണ്. 17,948/-രൂപ അധികം നൽകിയിരിക്കുന്നു.

CPRCS Site വഴി മുൻകൂറായി പണം അടയ്ക്കേണ്ടതിനാൽ Site-ൽ ലഭ്യമായ പ്രൊഫോർമ ഇൻവോയിസിൽ രേഖപ്പെടുത്തിയ തുക 4,78,805/- രൂപ ഒടുക്കി വർക്ക് ഓർഡർ നൽകിയെന്നും, അധികം നൽകിയ തുക റീഫണ്ട് ചെയ്യുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി നം.15). തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ബി) എൽ.പി.സ്കൂളുകൾക്ക് കമ്പ്യൂട്ടർ- ഇ-വേ ബില്ല് സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് നം. - 345/21 (എൽ.പി. സ്കൂളുകൾക്ക് കമ്പ്യൂട്ടറും ഫർണിച്ചറും)

അടങ്കൽ - 3,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ് - 3,00,000/- (ബിൽ നം. 4/21.01.2021)

നിർവ്വഹണം - ഹെഡ്മാസ്റ്റർ

KELTRON നൽകിയ ഇൻവോയിസ് പ്രകാരം മൂന്ന് ലാപ്ടോപ്പുകളുടെ വിലയായി 88,701/-രൂപ നൽകിയിട്ടുണ്ട്. KELTRON നിന്നും ACER കമ്പനിയുടെ ലാപ്ടോപ്പാണ് വാങ്ങിയിട്ടുള്ളത്. ആയതിന്റെ ഇ-വേ ബിൽ സൂക്ഷിക്കാത്തതിനാൽ യഥാർത്ഥ ചെലവ് തുക ബോധ്യപ്പെട്ടിട്ടില്ല.

ഇ-വേ ബില്ല് ലഭിച്ചിട്ടില്ലായെന്നും, നേരിട്ട് പോയാണ് ഇൻവോയിസ് വാങ്ങിയതെന്നുമാണ് ഇത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥ മറുപടി (ഓഡിറ്റ് എൻക്വയറി നം. 13) നൽകിയിട്ടുള്ളത്. തുടർ വർഷങ്ങളിൽ കൃത്യമായും ഇ-വേ ബില്ല് വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ ഓരോ വർഷവും വാങ്ങുന്ന കമ്പ്യൂട്ടർ വിവരം ഓരോ സ്റ്റോക്ക് രജിസ്റ്ററിലാണ് എഴുതുന്നത്. സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന കമ്പ്യൂട്ടറുകളുടെ (ഓരോ വർഷങ്ങളിലും വാങ്ങുന്നതിന്റെ) പൊതുവായ സ്റ്റോക്ക് രജിസ്റ്റർ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തി പരിപാലിക്കേണ്ടതുണ്ട്.

സി) മൈക്ക് സെറ്റ് വാങ്ങൽ- ക്വട്ടേഷൻ സ്വീകരിക്കാതെ സിഡ്കോയിൽ നിന്നും വാങ്ങി.

പ്രോജക്ട് നം. - 142/21 (പ്രൈമറി വിദ്യാലയങ്ങൾക്ക് മൈക്ക് സെറ്റ്)

അടങ്കൽ - 99,999/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ് - 99,960/- (ബിൽ നം. 6/30.03.2021)

നിർവ്വഹണം - ഹെഡ്മാസ്റ്റർ

വിവിധ പ്രൈമറി വിദ്യാലയങ്ങൾക്ക് മൈക്ക് സെറ്റ് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 2 ആംപ്ലിഫയർ, 4 കോഡ് ലെസ് മൈക്ക്, 5 സ്പീക്കർ ബോക്സ് എന്നിവയാണ് വാങ്ങിയിട്ടുള്ളത്. ഇതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ KV Iyer Ssons എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. KV Iyer Sons എന്ന സ്ഥാപനം 56,900/- രൂപയ്ക്കാണ് സാധനം സപ്ലൈ ചെയ്യാൻ സമ്മതിച്ചിട്ടുള്ളത്. എന്നാൽ SIDCO-യിൽ നിന്ന് 99,960/- രൂപയ്ക്കാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

KV Iyer Sons-ൽ നിന്ന് ആദ്യം ഇൻവോയിസ് വാങ്ങിയെങ്കിലും പത്രപ്പരസ്യം നൽകുന്നതിനുള്ള സാവകാശമില്ലാത്തതിനാലാണ് കമ്മിറ്റി തീരുമാനപ്രകാരം (22.02.2021 -ലെ) SIDCO-യിൽ നിന്ന് വാങ്ങിയതെന്നാണ് നിർവ്വഹണോദ്യോഗസ്ഥയുടെ വിശദീകരണം (ഓഡിറ്റ് എൻക്വയറി നം.13). എന്നാൽ 17.02.2021-ലെ ഭരണസമിതി തീരുമാനം 2(4) പ്രകാരം ഭരണസമിതി KV Iyer Sons-ൽ നിന്നുള്ള ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(സാധാ)നം.3299/2016/ത.സ്വ.ഭ.വ തീയതി.02.12.2016 പ്രകാരം സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് ടെണ്ടർ ഒഴിവാക്കി സാധനസാമഗ്രികൾ വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമാകണമെന്നും, അല്ലാത്തവ പരസ്യ ടെണ്ടർ/ ക്വട്ടേഷൻ മുഖേന വാങ്ങേണ്ടതാണെന്നും സർക്കാർ നിർദ്ദേശവുമുള്ളപ്പോഴാണ് ഇപ്രകാരം അധിക വിലയ്ക്ക് സിഡ്കോയിൽ നിന്ന് സാധനങ്ങൾ വാങ്ങിയത്. ഭാവിയിൽ വാങ്ങലുകൾക്ക് സർക്കാർ ഉത്തരവ് കൃത്യമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തി പ്രോജക്ട് ഫയലുകളിൽ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

2020-21 സാമ്പത്തികവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ പരിശോധനയിൽ ഭൂരിഭാഗം മരാമത്ത് പ്രവൃത്തി ഫയലുകളിലും Site Plan, എസ്റ്റിമേറ്റ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. കൂടാതെ സെലക്ഷൻ നോട്ടീസ് നൽകിയ തീയതി/അയച്ച തീയതി, Technical Sanction Slip-കളിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 20.10.2020 തീയതിയിലെ നം-ഇ4/10421/2020/സി.ഇ/ ത.സ്വ.ഭ.വ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കരാർ ഒപ്പ്‌വയ്ക്കുന്ന വേളയിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം-21/22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തി സംബന്ധിയായ ഫയലുകളിൽ സർക്കാർ നിർദ്ദേശിക്കുന്ന രേഖകളും, വിവരങ്ങളും ഉൾക്കൊള്ളിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-25 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ചില ഐറ്റങ്ങൾ ഒഴിവാക്കിയും ചില ഐറ്റങ്ങൾ ഉൾപ്പെടുത്തിയും പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ് ചെയ്ത പ്രോജക്ടുകളുടെ ഏതാനം ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് |
|---|---|
| | കരിപ്പൂർ അംഗൻവാടി മെയിന്റനൻസ് |
| 316/21 | ഓഫീസ് വാർഡിൽ അംഗൻവാടിക്ക് ചുറ്റുമതിൽ നിർമ്മാണവും പൂർത്തീകരണവും |

| | |
|---|---|
| | മൂന്നാം മൂട് കോഴിപ്പുര റോഡ് റീടാറിംഗ് |
| 349/21 | കോട്ടറക്കുഴി മിനി വാട്ടർ സപ്ലൈ ലൈൻ നീട്ടൽ |
| 282/21 | പകൽവീട് നിർമ്മാണം |
| 283/21 | ജലസേചനത്തിനായി കുളങ്ങളുടെ നവീകരണം |
| 99/21 | തച്ചോട്ട്ക്കാവ് ശ്രീധർജി റോഡ് റീടാറിംഗ് |
| 70/21 | സി.എസ്.ഐ ചർച്ച് റോഡ് കോൺക്രീറ്റ് |
| 107/21 | മേൽക്കേട്ടിൽ ക്ഷേത്രം പാലോട്ടുവിള ലിങ്ക് റോഡ് കോൺക്രീറ്റ് |
| 241/21 | ചിറ്റേക്കോണം മേലതിൽ നട കരിപ്പൂർ റോഡ് റീടാറിംഗ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-19/2022-ന് മറുപടി ലഭ്യമാക്കിയില്ല. ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയ വേളയിൽ സൈറ്റ് കണ്ടീഷൻ നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെടാത്തതിനാലാണ് പദ്ധതി റിവൈസ് ചെയ്യേണ്ടി വരുന്നത്. 2012 PWD Manual ഖണ്ഡിക 1601.1.1-ലെ നിർദ്ദേശങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ പാലിച്ചും കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങളും സർക്കുലറുകളും പാലിച്ചുകൊണ്ട് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 GST കോമ്പൻസേഷൻ ഇനത്തിൽ നല്കുന്ന തുക അടവാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീയതി 01-11-2017 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. സർക്കുലർ നമ്പർ 18/19, ധന/തീയതി 01/03/19-ലെ നിർദ്ദേശങ്ങൾ പ്രകാരം 12% ജിഎസ്ടി കോമ്പൻസേഷൻ ഉൾപ്പടുത്തിയാണ് മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ബിൽ തയ്യാറാക്കുമ്പോൾ പ്രവൃത്തി മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. പ്രവൃത്തിമൂല്യത്തോടൊപ്പം GST ഇനത്തിൽ ഓരോ പ്രവൃത്തികൾക്കും പഞ്ചായത്ത് ഫണ്ടിൽ നിന്ന് കരാറുകാരന് തുക നല്കുന്നതിനാൽ GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക നികുതി അസസ്മെന്റിന് വിധേയമാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് കരാറുകാരൻ ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്മെന്റ് ഉറപ്പ് വരുത്തുന്നു. ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ തീയതി-29-09-2018 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രവൃത്തികളിൽ ജിഎസ്ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിന് കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ, ടാക്സ് ഇൻവോയിസുകൾ വാങ്ങിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം-19/22-ന് മറുപടി ലഭ്യമാക്കിയില്ല. GST കോമ്പൻസേഷൻ ഇനത്തിൽ നല്കുന്ന തുക അടവാക്കിയ രേഖകൾ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-27 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകത.

സഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 ഖണ്ഡിക 11.2 (എ) പ്രകാരം 50,000/-രൂപയും അതിന് താഴെയും എസ്റ്റിമേറ്റ് തുകയുമുള്ള പ്രവൃത്തികൾ മാത്രം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാവുന്നതാണ്. എന്നാൽ മേൽ നിബന്ധന പാലിക്കാതെ 50,000/-രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുകയുള്ള (267/21, 316/21, 317/21 എന്നീ പ്രോജക്ടുകൾ ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയതായി കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സർക്കുലർ നം.1/1559/2010/സി.ഇ/ത.സ്വ.ഭ.വ, തീയതി-13.11.2014-ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1.ഗുണഭോക്തൃ സമിതികൾ ആകെ ഒരു തവണ മാത്രമേ ചേർന്നിട്ടുള്ളൂ (ഗുണഭോക്തൃസമിതി രൂപീകരണം, കൺവീനറുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പ്) പ്രവൃത്തിയുടെ നിർവഹണം, മോണിട്ടറിംഗ്, വരവ്-ചെലവു കണക്കുകൾ അംഗീകരിക്കൽ എന്നിവ ഗുണഭോക്തൃസമിതി വിലയിരുത്തുകയോ, യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

2.ഗുണഭോക്തൃസമിതി കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങാതെ പകരം കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലാണ് ബിൽ തുക അനുവദിച്ചു നൽകിയിട്ടുള്ളത്.

3.കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിനജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4.തൊഴിലാളികളുടെ വേതനം സംബന്ധിയായ കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട്സ് ബുക്ക് എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.മരാമത്തു പ്രവൃത്തികളിൽ നിന്നും ആദായ നികുതി ഈടാക്കിയതിൽ കുറവ്.

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ നിന്നും ആദായനികുതി പൂർണമായും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബിൽനം | ആകെപ്രവൃത്തി മൂല്യം | ഈടാക്കേണ്ട നികുതി(2%) | ഈടാക്കിയത് (1%) | വ്യത്യാസം |
|---|---|---|---|---|---|---|---|
| 317/21 | ശിവജിപുരം അംഗനവാടിക്ക് ഇന്റർലോക്കും ചുറ്റുമതിൽ നിർമ്മാണവും (സ്പിൽ ഓവർ) | 187284 | | 187284 | 3746 | 1873 | 1873 |
| 349/21 | കോട്ടറക്കുഴി മിനി വാട്ടർ സപ്ലൈലൈൻ നീട്ടൽ (സ്പിൽ ഓവർ) | 49601 | | 49601 | 992 | 496 | 496 |
| 316/21 | ഓഫീസ് വാർഡിൽ അംഗൻവാടിക്ക്ചുറ്റുമതിൽ നിർമ്മാണവും പൂർത്തീകരണവും (സ്പിൽ ഓവർ) | 798437 | | 798437 | 15968 | 7984 | 7984 |
| 267/21 | മച്ചേൽ അംഗൻവാടി കെട്ടിടം പണി പൂർത്തീയാക്കൽ (സ്പിൽ ഓവർ) | 178882 | | 178882 | 3578 | 744 | 2834 |

1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക ഗുണഭോക്തൃസമിതി/കമ്പനി/ ഫേം എന്നിവർക്ക് പേമെന്റ് നടത്തുമ്പോൾ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടുകളിൽ നിന്നും ആദായ നികുതി പൂർണമായും ഈടാക്കിയിട്ടില്ല. പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-20/22-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആദായ നികുതിയിനത്തിൽ ഈടാക്കാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുകയ്ക്ക് പ്രവൃത്തി നിർവ്വഹിച്ചതിനുള്ള വിശദീകരണം നൽകേണ്ടതാണ്.

## 1-28 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും പൂർത്തീകരിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം നേടിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ തൻവർഷവും പൂർത്തീകരിച്ചില്ല. ജി.ഒ.(എം.എസ്) നം72/2017, ത.സ്വ.ഭ.വ. തിരുവനന്തപുരം-29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| മൂഴിനട ഇടത്തറക്കോണം മഞ്ചാടി റോഡ് റീടാറിംഗ്, ഐറിഷ് ഡ്രെയിൻ | 292/21 | 595000 | 0 |
| കുറുന്തോട്ടം മേലെ റോഡ്-സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് | 299/21 | 570000 | 0 |
| കണ്ടൂർകോണം മണപ്പുറം റോഡ് റീടാറിംഗ് | 353/21 | 200000 | 0 |
| കാറക്കോണം കോട്ടവിളാകം റോഡ് റീടാറിംഗ് | 355/21 | 200000 | 0 |
| ശാന്തിനഗർ അന്തിയൂർകോണം പാലം റോഡ് | 356/21 | 200000 | 0 |

| | | | |
|---|---|---|---|
| റീടാറിംഗ് | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-19/2022-ന് മറുപടി ലഭ്യമാക്കിയില്ല. ഏറ്റെടുക്കുന്ന സ്പിൽ ഓവർ പ്രവൃത്തികൾ ഏറ്റെടുക്കുന്ന വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതും, പദ്ധതി വിഹിതം പാഴാകാതെ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുമാണ്..

1-29 ബിറ്റുമെൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കിയില്ല. ചെലവ് തുകയായ 4,51,642/-രൂപയുടെ രേഖകൾ ഹാജരാക്കേണ്ടതാണ്.

| പ്രോജക്റ്റ് നം | 99/21 | | ബിൽ ബുക്ക് പ്രകാരം നൽകിയ തുക |
|---|---|---|---|
| പ്രോജക്റ്റിന്റെ പേര് | തച്ചോട്ടുക്കാവ് ശ്രീധർജി റോഡ് റീടാറിംഗ് | | |
| അടങ്കൽ തുക | 2,00,000/- | | |
| ചെലവ് തുക | 1,92,705/- | | |
| ബിൽനം/തീ. | 128/20-21 , 02.03.21 | | |
| എം ബുക്ക് നം | 510/20-21 | | |
| കരാറുകാരൻ | ശ്രീ.അനിൽകുമാർ | | |
| പ്രസ്തുത പ്രവൃത്തിക്കായി ഉപയോഗിച്ച ബിറ്റുമെൻ അളവ് | ഇനം നം-1 | 90.72കി.ഗ്രാം (403.230x0.22) Bitumen Emulsion RS-1 | 4330 |
| | ഇനം നം-2 | 78.10കി.ഗ്രാം (339.59x.230) Bitumen S-65 | 27432 |
| | ഇനം നം-3 | 719 കി.ഗ്രാം (492.82x1.46) Bitumen S-65 | 80955 |
| | ഇനം നം-4 | 320.33 കി.ഗ്രാം (492.82x.65) Bitumen S-65 | 32210 |
| | എക്സ്ട്രാ ഇനം-2 | 78.71കി.ഗ്രാം (92.600x.85kg) Bitumen Emulsion RS-1 | 5127 |
| | എക്സ്ട്രാ ഇനം-3 | 20.83 കി.ഗ്രാം (92.600x.225kg) | 1186 |
| ആകെ | | | 1,51,240/- |

| പ്രോജക്റ്റ് നം | 122/21 | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | മണപ്പുറം കാറക്കോണം ബണ്ട്-മലയം മച്ചേൽ ബണ്ട് റോഡ് ടാറിംഗ് | |
| അടങ്കൽ തുക | 4,00,000/- | |

| | | | |
|---|---|---|---|
| ചെലവ് തുക | 3,99,906/- | | |
| ബിൽനം/തീ. | 103/20-21 , 08.01.21 | | |
| എം ബുക്ക് നം | 283/20-21 | | |
| കരാറുകാരൻ | ശ്രീ.ജി.ശങ്കരൻനായർ | | |
| പ്രസ്തുത പ്രവൃത്തിക്കായി ഉപയോഗിച്ച ബിറ്റുമെൻ അളവ് | ഇനം നം-2 | 420.75 കി.ഗ്രാം (495x.85) Bitumen Emulsion SS-1 | 25150 |
| | ഇനം നം-3 | 136.12 കി.ഗ്രാം (495x.275) Bitumen Emulsion RS-1 | 5251 |
| | ഇനം നം-4 | 722.7 കി.ഗ്രാം (495x.1.46) Bitumen S-65 | 73656 |
| | ഇനം നം-5 | 321.75 കി.ഗ്രാം (495x.65) Bitumen S-65 | 28947 |
| ആകെ | | | 1,33,004/- |

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | 298/21 | | |
| പ്രോജക്റ്റിന്റെ പേര് | വാറുവിളാകം റോഡ് റീടാറിംഗ് (സ്പിൽ ഓവർ) | | |
| അടങ്കൽ തുക | 2,25,000/- | | |
| ചെലവ് തുക | 2,24,588/- | | |
| ബിൽനം/തീ. | 118/20-21, 22.02.21 | | |
| എം ബുക്ക് നം | 498/20-21 | | |
| കരാറുകാരൻ | ശ്രീ.ശ്രീകുമാർ | | Invoice No 4550485035/122.09.2020, SRP/0237/20-21 /20.11.2020 പ്രകാരം നൽകിയ തുക |
| പ്രസ്തുത പ്രവൃത്തിക്കായി ഉപയോഗിച്ച ബിറ്റുമെൻ അളവ് | ഇനം നം-1 | 168.75കി.ഗ്രാം(750x.225) Bitumen Emulsion RS-1 | 5361 |
| | ഇനം നം-2 | 177.75കി.ഗ്രാം(88.875x2) Bitumen S-65 | 6884 |
| | ഇനം നം-3 | 1095കി.ഗ്രാം(750x1.46kg) | 42409 |
| | ഇനം നം-4 | 487.5 കി.ഗ്രാം(750x.65kg) | 18880 |
| ആകെ | | | 73,534/- |

| | | |
|---|---|---|
| പ്രോജക്റ്റ് നം | 359/21 | |

| | | | |
|---|---|---|---|
| | | | |
| പ്രോജക്ടിന്റെ പേര് | കീഴന്തിയൂർക്കോണം റോഡ് റീടാറിംഗ് (സ്പിൽ ഓവർ) | | |
| അടങ്കൽ തുക | 3,00,000/- | | |
| ചെലവ് തുക | 2,99,911/- | | |
| ബിൽനം/തീ. | 116/20-21 , 22.02.21 | | |
| എം ബുക്ക് നം | 499/20-21 | | |
| കരാറുകാരൻ | ശ്രീ.ശ്രീകുമാർ | | Invoice No 4550508397/ 17.11.2020, SRP/0183/20-21/ 24.10.2020 പ്രകാരം നൽകിയ തുക |
| പ്രസ്തുത പ്രവൃത്തിക്കായി ഉപയോഗിച്ച ബിറ്റുമെൻ അളവ് | ഇനം നം-2 | 73.95 കി.ഗ്രാം (87x.85) Bitumen Emulsion SS-1 | 3634 |
| | ഇനം നം-3 | 23.92 കി.ഗ്രാം (87x.275kg) Bitumen Emulsion RS-1 | 759 |
| | ഇനം നം-4 | 230.60 കി.ഗ്രാം (115.30x2) Bitumen S-65 | 8931 |
| | ഇനം നം-5 | 182.7കി.ഗ്രാം (812x.225) Bitumen Emulsion RS-1 | 7075 |
| | ഇനം നം-6 | 1312.54 കി.ഗ്രാം (899x1.46kg) Bitumen S-65 | 50834 |
| | ഇനം നം-7 | 584.35 (899x.65kg) | 22631 |
| ആകെ | | | 93,864/- |

99/21, 122/21 എന്നീ പ്രോജക്ടുകൾക്കായി ബിറ്റുമെൻ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. 298/21, 359/21 എന്നീ പ്രോജക്ടുകളിൽ ബിറ്റുമെൻ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് ടി പ്രോജക്ടുകൾക്കായി വാങ്ങിയതല്ല. പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-24/22-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രവൃത്തികളായി ചെലവഴിച്ച തുകയായ 4,51,642/-രൂപയുടെ ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. ഒരേ കരാറുകാരൻ പഞ്ചായത്തിലെ വിവിധ ടാറിംഗ് പ്രവൃത്തികൾക്കായി ഒരുമിച്ച് ടാർ വാങ്ങുന്നപക്ഷം പ്രസ്തുത ബില്ലുകളിൽ അതാത് പ്രവൃത്തികൾക്ക് ഉപയോഗിച്ച ടാറിന്റെ അളവ്, ബാക്കിയുള്ള ടാറിന്റെ അളവ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

## 1-30 തെരുവ് വിളക്ക് പരിപാലനം- AMC നൽകിയതിലെ അപാകതകൾ.

പ്രോജക്റ്റ് നം. - 265/21 (സ്പിൽ ഓവർ)

തെരുവ് വിളക്ക് മെയിന്റനൻസ്

അടങ്കൽ - 6,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 6,42,200/-

തെരുവ് വിളക്ക് പരിപാലനത്തിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രോജക്റ്റ് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരനുമായി 22.11.2019-ൽ ഒപ്പുവച്ച വ്യവസ്ഥകൾ പ്രകാരം തെരുവ് വിളക്കുകൾ മെയിന്റനൻസ് ചെയ്തതിൽ ബന്ധപ്പെട്ട KSEB-യിൽ നിന്നുള്ള റിപ്പോർട്ടിന്റേയും, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റേയും അടിസ്ഥാനത്തിലാണ് കരാർതുക നാല് ഗഡുക്കളായി നൽകേണ്ടത്. എന്നാൽ KSEB ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം/ റിപ്പോർട്ട് ലഭിക്കാതെയാണ് കരാർതുക കൈമാറിയിട്ടുള്ളത്. ചെയ്തപണികൾ സംബന്ധിച്ച് കരാറുകാരൻ റിപ്പോർട്ടോ ബില്ലോ ഹാജരാക്കിയിട്ടില്ല. കരാറുകാരൻ നടത്തുന്ന പണികൾക്ക് ആരും മേൽനോട്ടം വഹിക്കുന്നതായി കാണുന്നില്ല.

2. 15.11.2011-ലെ ത.സ്വ.ഭ.വ വകുപ്പിൽ നിന്നുള്ള 3055/ഡി.എ-3/2011/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നടപ്പാക്കിയ ടി പ്രോജക്റ്റിൽ, ടി സർക്കുലറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കരാറുകാരനും, KSEB-യും, ഗ്രാമപഞ്ചായത്തും കരാർ വ്യവസ്ഥകളുടെ പാലനം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല.

3. ടി സർക്കുലറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഗ്രാമപഞ്ചായത്തോ, കരാറുകാരനോ പരാതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്ററും സൂക്ഷിക്കുന്നതായി കാണുന്നില്ല. പരാതി രജിസ്റ്ററിൽ പരാതി പരിഹരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

4. ഇലക്ട്രിക്കൽ തെരുവ് വിളക്ക് പ്രോജക്റ്റുകളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം വഹിക്കൽ എന്നിവയ്ക്ക് 22.09.2015-ലെ സ.ഉ(സാധാ) 2878/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവുകൾ, മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ എന്നിവ കൃത്യമായും പാലിച്ച് പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| | വിഹിതം | മുന്നിരിപ്പ് | വർഷം | തൻ വർഷം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|

| നൽകിയ സ്ഥാപനം | | | ലഭിച്ച തുക | | തുക | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1035102 | 2020-21 | 3479816 | ഫലവൃക്ഷത്തൈ നട്ടുപരിപാലിക്കൽ | 18763 | 776227 |
| | | | | സമഗ്രപുരയിട കൃഷി | 100000 | |
| | | | | ലൈഫ് ഭവന നിർമ്മാണം 2020-21 - എസ്.സി.പി | 58875 | |
| | | | | ലൈഫ് ഭവനനിർമ്മാണം-എസ്.സി.പി | 340000 | |
| | | | | ലൈഫ് ഭവനപദ്ധതി-എസ്.സി.പി | 360000 | |
| | | | | ഭവനനിർമ്മാണം (ലൈഫ് പദ്ധതി) | 600000 | |
| | | | | ന്യൂലൈഫ് പാർപ്പിട പദ്ധതി | 100000 | |
| | | | | ന്യൂലൈഫ് പാർപ്പിട പദ്ധതി-എസ്.സി.പി | 475000 | |
| | | | | ന്യൂലൈഫ് പാർപ്പിട പദ്ധതി-എസ്.സി.പി | 325000 | |
| | | | | സ്നേഹസ്പർശം | 605544 | |
| | | | | അങ്കണവാടികളിലെ അനുപൂരക പോഷകാഹാരം | 100000 | |
| | | | | ക്ഷീരസമൃദ്ധി - വനിത | 15924 | |
| | | | | ക്ഷീരസമൃദ്ധി-ജനറൽ | 139585 | |
| | | | | ക്ഷീരസമൃദ്ധി- വനിത | 200000 | |
| | | | | ക്ഷീരസമൃദ്ധി- ജനറൽ | 300000 | |
| ജില്ലാ പഞ്ചായത്ത് | 372534 | 2020-21 | 1618734 | ഭവനനിർമ്മാണം (ലൈഫ് പദ്ധതി) | 513190 | 372534 |
| | | | | ന്യൂലൈഫ് പാർപ്പിട പദ്ധതി | 150000 | |
| | | | | ന്യൂലൈഫ് പാർപ്പിട പദ്ധതി-എസ്.സി.പി | 305000 | |
| | | | | സ്നേഹസ്പർശം | 605544 | |
| | | | | ക്ഷീരസമൃദ്ധി- വനിത | 30000 | |
| | | | | ക്ഷീരസമൃദ്ധി- ജനറൽ | 15000 | |

| | 2019-20 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2020-21 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1035102 | 3479816 | 4514918 | 3738691 | 776227 | 776227 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 372534 | 1618734 | 1991268 | 1618734 | 372534 | 372534 |

## 4-2 ഡെപ്പോസിറ്റ് വർക്ക്

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 154775 | - | 154775 |
| | ലൈൻ എക്സ്റ്റൻഷൻ | 3557866 | - | 3557866 |

പ്രസ്തുത ചെലവ് പത്രിക പ്രകാരം ചെലവിൽ ഉൾപ്പെട്ടതാണ്. എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | 2019-20 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 3445770 | 3712641 | 7158411 | 1313847 | 5844564 | 5844564 |
| കേരള വാട്ടർ അതോറിറ്റി | 3180771 | 0 | 3180771 | 0 | 3180771 | 3180771 |
| പി.ഡബ്ല്യു.ഡി | 1275641 | 0 | 1275641 | 0 | 1275641 | 1275641 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KURDFC | 19921176 | 2260000 | 22181176 | 2283842 | 19897334 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,75,85,406 |
| ഓഡിറ്റ് വർഷത്തെ വരവ് | 12,37,42,695 |
| ആകെ | 14,13,28,101 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 12,39,43,376 |
| നീക്കിയിരിപ്പ് | 1,73,84,725 |
| വരവിനങ്ങളുടെ നഷ്ടം | --- |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,54,347 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 8,000 | ഡോ.സേതുമാധവൻ.ആർ.എൽ, വെറ്റിനറി സർജൻ |
| 1-19 | 16,46,347 | ശ്രീ.അനിൽകുമാർ.ബി.എസ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 16,54,347 | |

*ഡി)* കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

*(ഇ)* നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

*(എഫ്)*റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ഡോ.സേതുമാധവൻ.ആർ.എൽ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ | ടി.സി.41/325(2), കെ.ആർ.ഡബ്ല്യൂ.എ-1 ബി, കുര്യാത്തി, മണക്കാട്.പി.ഒ, തിരുവനന്തപുരം. |
| 2. | ശ്രീ.അനിൽകുമാർ.ബി.എസ് , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | സുമംഗല മന്ദിരം, മംഗലക്കൽ, ആമച്ചൽ.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|

| | | |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130, തീയതി 25.05.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130, തീയതി 25.05.2018 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130, തീയതി 25.05.2018 | 2 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130, തീയതി 25.05.2018 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130, തീയതി 25.05.2018 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130, തീയതി 25.05.2018 | 3 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130, തീയതി 25.05.2018 | 0 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130, തീയതി 25.05.2018 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130, തീയതി 25.05.2018 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130, തീയതി 25.05.2018 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 2003/16 തീയതി 21.11.2016 | 7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1639/2017, തീയതി 16.08.2017 | 13 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/2349/2019, തീയതി 15.03.2019 | 6 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/2170/2019, തീയതി 13.03.2020 | 15 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1462/2021, തീയതി 10.11.2021 | 21 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്